ഉത്തരം

(എ) ഫിഷറീസ് വകുപ്പിൽനിന്നും ഹെക്ടറൊന്നിന് 4,000 രൂപ നിരക്കിൽ സബ്സിഡിയും സൗജന്യകർഷക പരിശീലനവും, കൃഷികാലയളവിലുടനീളം സൗജന്യ സാങ്കേതിക സഹായങ്ങളും നൽകിയിട്ടുണ്ട്. സബ്സിഡി തുകയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് കൃഷിക്കാവശ്യമായ മത്സ്യവിത്ത് സൗജന്യമായി കർഷകർക്ക് എത്തിച്ചുകൊടുത്തിട്ടുണ്ട്. വിത്തിന്റെ വിലകഴിച്ചുള്ള തുകയ്ക്ക് വളം, തീറ്റ, മരുന്നുകൾ എന്നിവയും കർഷകർക്ക് നൽകിയിട്ടുണ്ട്.

(ബി) വിശദവിവരം ചുവടെ ചേർക്കുന്നു.

ഉല്പാദിപ്പിച്ച മത്സ്യം

വർഷം	മത്സ്യം (ടൺ)	ആറ്റുകൊഞ്ച് (ടൺ)	ചെമ്മീൻ (ടൺ)	മൊത്തം (ടൺ)
1997-1998	6110	300	1300	7710
1998-1999	13,750	1000	1125	15875

കർഷകർക്കു ലഭിച്ച സാമ്പത്തിക നേട്ടം

വർഷം	മത്സ്യത്തിന്റെ വില (കോടി)	ആറ്റുകൊഞ്ചിന്റെ വില (കോടി)	ചെമ്മീനിന്റെ വില (കോടി)	മൊത്തം കോടി രൂപ
1997-98	18.33	2.10	26.43	46.86
1998-99	48.12	20.00	22.50	90.62

2 (3447) ബാലകൃഷ്ണൻ നായർ കമ്മിറ്റി

ശ്രീ. എം. മുരളി :

ശ്രീ. പി.ജെ. ജോയി :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്ര മത്സ്യബന്ധനത്തെപ്പറ്റി ബാലകൃഷ്ണൻനായർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിൽ എന്തെല്ലാം നടപ്പാക്കി;

(ബി) അടക്കക്കൊല്ലി വലയും കുറ്റിവലയും ചീനവലയും നിരോധിക്കണമെന്ന് ബാലകൃഷ്ണൻനായർ കമ്മിഷൻ ശുപാർശ ചെയ്തിരുന്നുവോ;

(സി) എങ്കിൽ ഈ ശുപാർശ നടപ്പാക്കിയോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) താഴെ പറയുന്ന ശുപാർശകൾ നടപ്പാക്കി.

1. മത്സ്യബന്ധന മേഖലയിൽ വിവിധയിനം മത്സ്യബന്ധനയാനങ്ങൾക്കുള്ള ദൂരപരിധി നിർണ്ണയം കർശനമായി നടപ്പിലാക്കുക.

LIBRARY ARCHIVES, Kerala Legislative Assembly

2. ഗിൽനെറ്റ് ഒഴിച്ച് ബാക്കി എല്ലാ മത്സ്യബന്ധനരീതികളും രാത്രികാലത്ത് നിരോധിക്കുക.

3. 1988-നുശേഷം അടുത്ത മൂന്നു വർഷക്കാലം ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ടെറിട്ടോറിയൽ അതിർത്തിക്കുള്ളിൽ ട്രോളിംഗ് മത്സ്യബന്ധനരീതി പൂണ്ണമായും നിരോധിക്കുകയും അതിന്റെ ഫലങ്ങൾ ടി മൂന്ന് വർഷവും നിരീക്ഷിച്ചു പഠിക്കുകയും വേണം.

4. റിംഗ്വല ടെറിട്ടോറിയൽ അതിർത്തിക്കുള്ളിൽ നിരോധിക്കുക.

5. ഫിഷറീസ് വകുപ്പിൽ ഒരു റിസോഴ്സ് മാനേജ്മെന്റ് സെൽ സംഘടിപ്പിക്കുക.

(ബി) ഇല്ല.

(സി) ബാധകമല്ല.

3 (3448) മത്സ്യഭവനുകൾ

<u>ശ്രീ. പി. രാജു</u> :
<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> :
<u>ശ്രീമതി ആർ. ലതാദേവി</u> :
<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> :
<u>ശ്രീ. കെ. പ്രകാശ് ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ മത്സ്യഭവനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണമെന്ന് അറിയിക്കുമോ;

(ബി) മത്സ്യഭവനുകൾവഴി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 100 എണ്ണം

(ബി) വിശദമാക്കാം. പഞ്ചായത്ത്തലത്തിൽ, ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളും മത്സ്യഫെഡ്, മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡ് എന്നിവയുടെ ഓഫീസുകളും ഒരു മേൽക്കൂരയ്ക്കുകീഴിൽ കൊണ്ടു വന്ന് ഏകജാലക സംവിധാനം നടപ്പാക്കുന്നതിനുവേണ്ടിയാണ് മത്സ്യഭവനുകൾക്ക് രൂപം നൽകിയിരിക്കുന്നത്. ഫിഷറീസ് വകുപ്പുവഴി നടപ്പിലാക്കുന്ന എല്ലാ വികസന-ക്ഷേമ പ്രവർത്തനങ്ങളും, മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡു വഴി നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങളും, മത്സ്യ ഫെഡ് മുഖേനയുള്ള സഹായ പദ്ധതികളും മത്സ്യഭവനുകൾ വഴിയാണ് നടപ്പിലാക്കി വരുന്നത്.

4 (3452) നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്പ്മെന്റ് കൗൺസിൽ

<u>ശ്രീ. ബാബു ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly